"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീമതി. അഷീന അക്ബർ, താഴത്ത് വളപ്പിൽ എന്നയാൾക്ക് എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച 45000/- രൂപ പലിശകൂടാതെ തിരിച്ചടക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1642/2022/LSGD തീയതി,തിരുവനന്തപുരം, 11-07-2022

---

പരാമർശം:-

1. ശ്രീമതി. അഷീന അക്ബർ, താഴത്ത് വളപ്പിൽ സമർപ്പിച്ച 20.02.2021-ലെ അപേക്ഷ.
2. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.11.2021-ലെ DDP-MPM/1442/2021-D18 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 14.12.2021-ലെ PAN/8012/2021-J2(DP) നമ്പർ കത്ത്.

**ഉത്തരവ്**

എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച 45.000/- രൂപ, വീടുണ്ടാക്കാനുദ്ദേശിച്ച സ്ഥലത്തിനുമീതേ ഇലക്ട്രിക് ലൈൻ കടന്നുപോകുന്നതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ലെന്നും, ടി തുക പലിശകൂടാതെ തിരിച്ചടയ്ക്കുന്നതിനു അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. അഷീന അക്ബർ, താഴത്ത് വളപ്പിൽ എന്നവർ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി. ശ്രീമതി. അഷീന അക്ബറിന്റെ കുടുംബം സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതിനാൽ പലിശയിൽ ഇളവു നൽകുന്നത് പരിഗണനാർഹമാണെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. അഷീന അക്ബർ, താഴത്ത് വളപ്പിൽ, എടപ്പാൾ പി.ഒ., മലപ്പുറം എന്നവർക്കു ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച 45,000/- രൂപ തിരിച്ചടയ്ക്കുന്നതിനു പലിശയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REEJA JUSTUS
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, എടപ്പാൾ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

ശ്രീമതി.അഷീനഅക്ബർ. താഴത്ത് വളപ്പിൽ, എടപ്പാൾപി.ഒ., മലപ്പുറം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 11-07-2022 12:32:24**

സെക്ഷൻ ഓഫീസർ